"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -ജീവനകാര്യം - മലപ്പുറം ജില്ല - കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസ് - ക്ലർക്ക് തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി.സിൽഫാ ഇഗ്നേഷ്യസ് -ന് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1735/2025/LSGD തീയതി,തിരുവനന്തപുരം, 14-07-2025

---

പരാമർശം:-

1. 28.10.2020ലെ സ ഉ (അച്ചടി) നം.15/2020/ഉഭപവ
2. തദ്ദേശസ്വയംഭരണ വകുപ്പ് മലപ്പുറം ജില്ല ജോയിന്റ് ഡയറക്ടറുടെ 07.05.2025ലെ LSGD/JD/MPM/3018/2025 -A3 നമ്പർ നടപടിക്രമം
3. ശ്രീമതി.സിൽഫാ ഇഗ്നേഷ്യസ് സമർപ്പിച്ച 12.05.2025ലെ അപേക്ഷ
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.05.2025ലെ LSGD/PD/15956/2025-DEC4 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കൽപകഞ്ചേരി ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ പരാമർശം (2) പ്രകാരം നിയമിക്കപ്പെട്ട ശ്രീമതി. സിൽഫാ ഇഗ്നേഷ്യസ്, ആരോഗ്യപരമായ കാരണങ്ങളാൽ ചികിത്സയിൽ കഴിയുന്നതിനാൽ 6 മാസത്തേക്ക് ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (3) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2) പ്രകാരം കൽപകഞ്ചേരി ഗ്രാമപഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി. സിൽഫാ ഇഗ്നേഷ്യസ്-ന് ടിയാളുടെ ആരോഗ്യപരമായ കാരണങ്ങൾ പരിഗണിച്ച് ടിയാളുടെ നിയമന ഉത്തരവ് തീയതിയായ 07.05.2025 മുതൽ ആറ് മാസത്തേക്ക് പ്രവേശനകാലാവധി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പദ്മിനി കെ എസ്

ഡെപ്യൂട്ടി സെക്രട്ടറി

1.ശ്രീമതി.സിൽഫാ ഇഗ്നേഷ്യസ്, ഡെൽസി ഹൗസ്, പുത്തൻത്തോപ്പ്, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

2.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം

3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
4.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , മലപ്പുറം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.സെക്രട്ടറി, കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.132/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 14-07-2025 10:46:38
സെക്ഷൻ ഓഫീസർ